## ചരിത്രം കുറിച്ച് മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടി;

## മൂന്ന് കോടിയിലധികം രൂപയുടെ ആനുകൂല്യങ്ങള്‍

എറണാകുളത്ത് കഴിഞ്ഞ ദിവസം നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടി ചരിത്രം കുറിച്ചു. 19ന് രാവിലെ 9.40ന് ആരംഭിച്ച് 20ന് പുലര്‍ച്ചെ 3.45നാണ് പരിപാടി അവസാനിച്ചത്. ഒരു ഭരണാധികാരി ഒരു നിമിഷം പോലും വിശ്രമമില്ലാതെ 18 മണിക്കൂര്‍ തുടര്‍ച്ചയായി പൊതുജനങ്ങളുടെ പരാതി കേള്‍ക്കാനും അവയ്ക്ക് പരിഹാരം കാണാനും നില്‍കുന്നത് ഒരു പക്ഷെ ലോകത്ത് ആദ്യമായിരിക്കും. ഇരുപതിനായിരത്തിലധികം പേരാണ് ഇവിടെ ഒത്തുചേര്‍ന്നത്. വെണ്ടുരുത്തി പാലത്തില്‍ നിന്ന് കായലില്‍ വീണ യുവതിയെ രക്ഷിച്ച ഫിറോസ്, റിസ്വാന്‍ എന്നിവരെ നേരില്‍ കണ്ട് അഭിനന്ദിച്ചു കൊണ്ടാണ് മുഖ്യമന്ത്രി ജനസമ്പര്‍ക്ക പരിപാടിക്ക് അവസാനമിട്ടത്. കഴിഞ്ഞ ആഴ്ചകളില്‍ തിരുവനന്തപുരത്തും കോഴിക്കോടും ജനസമ്പര്‍ക്ക പരിപാടി നടന്നപ്പോള്‍ സമാനമായ ജനബാഹുല്യം ഉണ്ടായിരുന്നെങ്കിലും രാത്രി ഒരു മണിയോടെ പരിപാടി അവസാനിച്ചിരുന്നു.

ജനങ്ങളോടൊപ്പം മണിക്കൂറുകളോളം നിന്ന് പരാതി കേള്‍ക്കുമ്പോള്‍ ഒരിക്കലും ക്ഷീണമല്ല ആവേശം മാത്രമാണ് തോന്നാറുള്ളതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജനസമ്പര്‍ക്ക പരിപാടിയിലെ അവസാനത്തെ പരാതിക്കാരനെയും കണ്ട് പരിഹാര നിര്‍ദ്ദേശം നല്‍കിയ ശേഷം മാധ്യമ പ്രവര്‍ത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങള്‍ക്ക് ദുഖങ്ങളും പ്രയാസങ്ങളും പറയാന്‍ ഒരു വേദിയും അവ കേള്‍കുന്നതിനുള്ള ഒരു സംവിധാനവുമാണ് ജനസമ്പര്‍ക്ക പരിപാടി. ജില്ലാ ഭരണ കൂടം ഉണര്‍ന്ന് പ്രവര്‍ത്തിച്ചത് കൊണ്ടും എല്ലാവരുടേയും പങ്കാളിത്തം കൊണ്ടും പരപാടി ശ്രദ്ധേയമായി. എല്ലാവരുടേയും ഭാഗത്തു നിന്നു പ്രശ്ന പരിപാഹരത്തിന് പോസിറ്റീവായ സമീപനം ഉണ്ടായതാണ് പരിപാടിയുടെ വിജയം. പോസിറ്റീവായി എങ്ങനെ പ്രശ്നങ്ങള്‍ക്ക് പരിഹാരം കാണാന്‍ സാധിക്കുമെന്നതിന് തെളിവാണിത്. ജില്ലാ തലത്തിലും സര്‍ക്കാര്‍ തലത്തിലും ഇതേ സമീപനം തുടര്‍ന്നാല്‍ മാത്രമേ മാറ്റം നിലനിര്‍ത്താന്‍ കഴിയൂവെന്നും മുഖ്യമന്ത്രി പറഞ്ഞു.

12500ലധികം പേരാണ് മുഖ്യമന്ത്രിയെ നേരില്‍ കണ്ട് പരാതി സമര്‍പിക്കാന്‍ സവില്‍ സ്റ്റേഷന്‍ മൈതാനത്ത് എത്തിയത്. ഇതില്‍ 1000 ത്തിലധികം പേര്‍ വികലാംഗരായിരുന്നു. മൊത്തം പരാതികള്‍ക്കും തീര്‍പ്പ് കല്‍പിച്ച ശേഷമാണ് മുഖ്യമന്ത്രി വേദി വിട്ടത്. മുഖ്യമന്ത്രിയുട ദുരിതാശ്വാസ ധനസഹായമായി ഒരു കോടി 10 ലക്ഷം രൂപ ജനസമ്പര്‍ക്ക വേദിയില്‍ അനുവദിച്ചു. 2400 കുടുംബങ്ങള്‍ക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. 50 ലക്ഷം രൂപയാണ് കുടുംബ സഹായ നിധിയില്‍ നിന്നും വിതരണം ചെയ്തത്. മൊത്തം 500 പേര്‍ക്ക് 10,000 രൂപ വീതം ഈയിനത്തില്‍ ലഭിച്ചു. പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി 20 പേര്‍ക്ക് 15 ലക്ഷം രൂപ ധനസഹായവും നല്‍കി.

എ.പി.എല്‍ കാര്‍ഡുകള്‍ ബി.പി.എല്‍ കാര്‍ഡാക്കാന്‍ ആയിരത്തിലധികം അപേക്ഷകളാണ് മുഖ്യമന്ത്രിക്ക് ലഭിച്ചത്. ഇതില്‍ 700 പേര്‍ക്ക് ബി.പി.എല്‍ കാര്‍ഡ് അനുവദിച്ചു. ജില്ലയിലെ ഏഴ് താലൂക്കുകളില്‍ നിന്നുള്ള 250 പേര്‍ക്ക് പട്ടയം വിതരണം ചെയ്തു. വികലാംഗരെയും ചികിത്സാ ധനസഹായം തേടിയെത്തിയവരേയും കണ്ട ശേഷമാണ് മുഖ്യമന്ത്രി മറ്റു പരാതിക്കാരെ കണ്ടുതുടങ്ങിയത്.

സർക്കാർ തലത്തിൽ കൂടുതൽ പരിശോധന നടത്തി പരിഹാരം കാണേണ്ടുന്ന കേസുകൾ കൈകാര്യം ചെയ്യാൻ സെക്രട്ടേറിയേറ്റ് കൗണ്ടറും ഇവിടെ ഒരുക്കിയിരുന്നു. വിദ്യാഭ്യാസ വായ്പകും പലിശ ഇളവുകൾക്കുമായി 250 അപേക്ഷകൾ ലഭിച്ചു. ഇതിൽ നൂറോളം അപേക്ഷകളിലായി 1.50 കോടി രൂപയുടെ വായ്പയും പലിശയിളവും അനുവദിച്ചു.

ഇന്നലെ മുഖ്യമന്ത്രിയെ കാണാൻ എത്തിയവരിൽ 7500 പേർ നേരത്തേ രജിസ്റ്റർ ചെയ്തവരാണ്. 4500 പേരാണ് പരാതിയുമായി ഇന്നലെ നേരിട്ട് വേദിയിലെത്തിയത്. വീൽചെയറിലും മറ്റുമെത്തിയ വികലാംഗരുടെ പരാതികൾ സശ്രദ്ധം കേട്ട മുഖ്യമന്ത്രി ഒരോ പരാതിയിലും തീർപ്പ് കൽപിച്ചു. മിക്കവർക്കും മുഖ്യമന്ത്രി അടിയന്തര ദുരിതാശ്വാസ സഹായം അനുവദിച്ചു.

ജനങ്ങളുടെ ബാഹുല്യം കണക്കിലെടുത്ത് അത്താണിയിലും കൊച്ചിയിലും അര മണിക്കൂർ വീതം നിശ്ചയിച്ചിരുന്ന മറ്റു രണ്ടു പരിപാടികൾ ഒഴിവാക്കിയാണ് മുഖ്യമന്ത്രി വേദിയിൽ തന്നെ തങ്ങിയത്. 32 കൗണ്ടറാണ് വിവിധ വകുപ്പുകൾക്കായി പ്രവർത്തിച്ചത്. ആരോഗ്യ വകുപ്പിന്റെ പ്രത്യേക ചികിത്സാ യൂണിറ്റും വേദിക്ക് സമീപം ഒരുക്കിയിരുന്നു. മൊത്തം ജനങ്ങൾക്കും ഭക്ഷണവും കുടിവെള്ളവും നൽകിയത് ശ്രദ്ധേയമായി. ന്യായവിലയ്ക്ക് രുചികരമായ ഭക്ഷണവുമായി ഡി.റ്റി.പി.സിയുടെ ഫുഡ്കോർട്ടും പ്രവർത്തിച്ചിരുന്നു.

കളക്ടർ പി.ഐഷെയ്ക്ക് പരീതിന്റെ നേതൃത്വത്തിലുള്ള ജില്ലയിലെ മുഴുവൻ ഉദ്യോഗസ്ഥരും പരിപാടി അവസാനിക്കുന്നത് വരെ സജീവമായിരുന്നു. പുലർച്ചെ വരെ ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് ബസ് സർവ്വീസ് ഏർപ്പെടുത്തിയിരുന്നു. ജീവനക്കാരെ അതത് സ്ഥലങ്ങളിൽ എത്തിക്കുന്നതിന് പ്രത്യേക ക്രമീകരണം സജ്ജമാക്കിയിരുന്നു. കളക്ടറേറ്റ് മൈതാനം ആദ്യമായാണ് ഇത്രയധികം ജനങ്ങൾ പങ്കെടുക്കുന്ന ഒരു പൊതു പരിപാടിയ്ക്ക് വേദിയാകുന്നത്. മുഖ്യമന്ത്രിയെ നേരിൽ കണ്ട് പരാതികൾ ബോധിപ്പിച്ചതിന്റെ സംതൃപ്തിയോടെ ജനങ്ങൾ മടങ്ങിയതോടെ 18 മണിക്കൂർ നീണ്ട ജനകീയോത്സവത്തിന് തിരശ്ശീല വീണു.